പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2189

05.05.2017 -ലെ മറുപടിയ്ക്ക്

## സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ.എം.സ്വരാജ്

ഉത്തരം

ശ്രീ. ടി.പി.രാമകൃഷ്ണൻ
( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) തൊഴിൽ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

എ)തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുവാനും മാന്യമായ വേതനവും വേതനവ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും (ഇ-പേയ്മെന്റ്) വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/ അഡ്ജുഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. 2016-ൽ 41431 സ്ഥാപനപരിശോധനകൾ നടത്തുകയും 5457 പ്രോസിക്യൂഷൻ, 694 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക്

തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് സർക്കാർ പരിഗണനയിലാണ്. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) തൊഴിൽ വകുപ്പിലൂടെ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

ബി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പു വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ വിജയകരമായി തൊഴിൽ വകുപ്പ് പൂർത്തിയാക്കിയതിനെ തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വേതന സുരക്ഷാ പദ്ധതി ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാകുന്നതോടൊപ്പം, നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും, കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നു. നാളിതുവരെ ഏകദേശം 4180 സ്ഥാപനങ്ങളിൽ നിന്നും 90,115 തൊഴിലാളികൾക്ക് 424 കോടിയോളം രൂപ ഈ സംവിധാനം മുഖാന്തിരം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് വേഗത്തിൽ എത്തിക്കുവാനും, കൂടുതൽ പ്രയോജനപ്രദമാക്കാനും, പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി 25.08.2015-ൽ കോൾസെന്റർ/ഹെൽപ്പ് ലൈൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയത് മികച്ച രീതിയിൽ

പ്രവർത്തിച്ചു വരുന്നു. കോൾസെന്റർ മുഖാന്തിരം 1042 പരാതികൾ സ്വീകരിക്കുകയും ആയതിൽ 822 പരാതികൾ തീർപ്പാക്കുകയും, 220 പരാതികൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വകുപ്പിനെ സംബന്ധിച്ച് 6528 എൻക്വയറികൾക്ക് സംശയനിവാരണം നടത്തുവാനും കാൾസെന്റർ മുഖാന്തിരം സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തൊഴിൽ മേഖലയുടെ മാറി വരുന്ന ആവശ്യങ്ങൾക്കനുസൃതമായി തൊഴിൽ വകുപ്പിന്റെ ഓൺലൈൻ സംവിധാനങ്ങൾ എല്ലാം തന്നെ കാലികമായി പരിഷ്കരിച്ചും ആവശ്യമായ ഭേദഗതികൾ വരുത്തിയും കാര്യക്ഷമമാക്കി നിലനിർത്തി വരുന്നു.

| | |
|---|---|
| (സി) തൊഴിൽ വകുപ്പിനെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് അറിയിക്കാമോ? | സി) സംസ്ഥാനത്തെ മാറിയ സാഹചര്യങ്ങൾക്കനുസൃതമായി തൊഴിൽ നിയമങ്ങളിലും ചട്ടങ്ങളിലും ഉചിതമായ ഭേദഗതികൾ കൊണ്ടുവരുന്ന വിഷയവും കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും, വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്ത മാക്കുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്ന വിഷയവും പരിശോധിക്കാവുന്നതാണ്. |

Sreelekha

**സെക്ഷൻ ഓഫീസർ**